## മാലദ്വീപിലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ വിജയകരമായ പൂർത്തീകരണം

നവംബർ 17, 2013

മാലദ്വീപിൽ സമാധാനപരമായി തെരഞ്ഞെടുപ്പ് പ്രക്രിയകൾ പൂർത്തിയായതില് പ്രസിഡണ്ട് ആയി തെരഞ്ഞെടുക്കപ്പെട്ട ശ്രീ അബ്ദുല്ല യാമിൻ അബ്ദുള് ഗയൂമിനെയും മാലദ്വീപിലെ ജനങ്ങളെയും ഇന്ത്യയിലെ ഗവൺമെന്റും ജനങ്ങളും അഭിനന്ദിക്കുന്നു . പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുവാനായി വളരെ അധികം ആഗ്രഹത്തോടെയും നിശ്ചയദാർഢ്യത്തോടെയും നിറഞ്ഞ മനസ്സോടെയാണ് അവർ പങ്കെടുത്തത്. പ്രസിഡണ്ട് തെരഞ്ഞെടുപ്പിലെ ഓരോ വട്ട തെരഞ്ഞെടുപ്പിലും വോട്ടെടുപ്പിൽ ഉയർന്ന ശതമാനം അതു സൂചിപ്പിക്കുന്നു .

സ്ഥിരമായ , പുരോഗതിയിലൂടെ വികസനത്തിലൂടെ രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകുവാനായി എല്ലാ ഭാഗത്ത് നിന്നും ജനങ്ങൾ പ്രകടിപ്പിച്ച പ്രതിബദ്ധതയെയും ജനങ്ങളുടെ വിധിയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അത് സ്വീകരിക്കുന്നു .

ഇന്ത്യയും മാലദ്വീപും വളരെ അടുത്ത സൌഹൃദവും സഹകരണവുമാണ് പാരമ്പര്യമായി നിലനിർത്തി വരുന്നത് . അത് ജനങ്ങൾ തമ്മില് , സാമ്പത്തിക വികസന പങ്കാളിത്തം , സുരക്ഷാ സഹകരണം എന്നിവയിലൂടെ മുന്നോട്ട് പോകുന്നു. ഇന്ത്യ ഇക്കാര്യത്തിൽ ഇനിയും മാലദ്വീപുമായുള്ള പങ്കാളിത്തം തുടരും . അതോടൊപ്പം പുതിയ പ്രസിഡന്റിനും അദ്ദേഹത്തിന്റെ ഗവൺമെന്റിനുമൊപ്പം അടുത്തു സഹകരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു

**ന്യൂഡെൽഹി**
**നവംബർ 17,2013**